# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2303 — 18.06.2014 ൽ മറുപടിക്ക്

## 108 ആംബുലൻസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അത്യാധുനിക ജീവൻസുരക്ഷാ സംവിധാനങ്ങളുള്ള എത്ര 108 ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) അത്യാധുനിക ജീവൻരക്ഷാ സംവിധാനങ്ങളുള്ള 25 ആംബുലൻസുകൾ തിരുവനന്തപുരത്തും 18 എണ്ണം ആലപ്പുഴയിലും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളെ ഒഴിവാക്കി ബേസ് ലൈഫ് സപ്പോർട്ട് മാത്രമുള്ള ആംബുലൻസുകൾ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ; | (ബി) കേരള സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി 287 ബി.എൽ.എസ് (Basic Life Support) ആംബുലൻസുകളും, ദേശീയ ആരോഗ്യമിഷന്റെ ജനനി ശിശുസുരക്ഷാ കാര്യക്രം പദ്ധതി (JSSK) പ്രകാരം 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസുകളും (PTA) വാങ്ങുന്നതിനായുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ എന്തുകൊണ്ടാണ് അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ടുള്ള 108 ആബുലൻസ് വാങ്ങാത്തതെന്ന് വിശദമാക്കാമോ ; | (സി) സംസ്ഥാന ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ എമർജൻസി റെസ്പോൺസ് സർവ്വീസിനു വേണ്ടിയുള്ള കേന്ദ്ര വിജ്ഞാപനപ്രകാരം അഞ്ചുലക്ഷം ജനങ്ങൾക്ക് ഒരു എ.എൽ.എസ് ആംബുലൻസും അഞ്ച് ബി.എൽ.എസ്. ആംബുലൻസുകളും എന്ന അനുപാതത്തിലാണ് ലഭ്യമാക്കേണ്ടത്. ഇപ്രകാരം കേരളത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി ഇനിയും കൂടുതൽ ബി.എൽ.എസ് ആംബുലൻസുകളാണ് വേണ്ടതായിട്ടുള്ളത്. |
| (ഡി) ഈ നടപടി സാധാരണക്കാരുടെ ജീവന് സുരക്ഷ ഉറപ്പാക്കാനുള്ള പദ്ധതിയെ തകിടം മറിക്കലാണെന്ന അഭിപ്രായത്തെക്കുറിച്ച് നിലപാട് വിശദമാക്കാമോ ? | (ഡി) ബി.എൽ.എസ് ആംബുലൻസുകൾ എ.എൽ.എസ് ആംബുലൻസുകളുടെ ഏകദേശ സമാനതകളുള്ളവയാണ്. മാത്രവുമല്ല ഇത് കേന്ദ്ര ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രാലയത്തിന്റെ വിജ്ഞാപനപ്രകാരം നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിലെ സജ്ജീകരണങ്ങൾ അപകടത്തിൽപ്പെട്ട ഒരു വ്യക്തിയുടെ ജീവൻ രക്ഷിക്കുവാൻ പര്യാപ്തവുമാണ്. |

സെക്ഷൻ ഓഫീസർ